Draft #1 of File 126573/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 24-Sep-2021 12:32 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**മഹാത്മാഗാന്ധി സർവ്വകലാശാല**

പുറത്തെഴുത്ത് നം.126573/AC A1-2/2021/AC A 1
24.09.2021

സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലേയും ഡിഗ്രി കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നതിന് ഇൻഡക്സ് മാർക്ക് കണക്കാക്കുമ്പോൾ സ്കൗട്ട്സ്, ഗൈഡ്സ്, റോവർ, റേഞ്ചർ എന്നിവയിൽ ഹയർ സെക്കണ്ടറി തലത്തിൽ രാജ്യപുരസ്കാർ സർട്ടിഫിക്കറ്റ്, നന്മമുദ്ര സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചവർക്ക് 15 മാർക്ക് ഗ്രേസ് മാർക്ക് കൂട്ടേണ്ടതാണെന്ന് നിർദ്ദേശം നൽകിക്കൊണ്ടുള്ള സ.ഉ.(കൈ) നം.343/2021/ഉ.വി.വ. തീയതി 13.08.2021 ആയ സർക്കാർ ഉത്തരവ് സർവ്വകലാശാലയിൽ നടപ്പിലാക്കാൻ, മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്റ്റ് 1985,അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരമുള്ള അധികാരമുപയോഗിച്ച് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉള്ളടക്കം :-സ.ഉ.(കൈ) നം.343/2021/ഉ.വി.വ. തീയതി 13.08.2021

**കാഞ്ചന എൻ നായർ**
**അസിസ്റ്റന്റ് രജിസ്ട്രാർ I ( അക്കാദമിക്)**
**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്

1.സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകൾ

2. വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3 .രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ

4.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )

5.പി.ആർ.ഒ./ എൻക്വയറി /സിറ്റാഡ്

6.ഐ.ക്യൂ.എ .സി / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ / യൂണിവേഴ്സിറ്റി വെബ്സൈറ്റ്

7. എസി ബി 6/ എസി ബി.7

8.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

File No.HEDN-B3/234/2021-HEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഉന്നതവിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലേയും ഡിഗ്രി കോഴ്സുകളിൽ പ്രവേശനത്തിന് സ്കൗട്ട്സ്, ഗൈഡ്സ്, റോവർ, റേഞ്ചർ എന്നിവയിൽ ഹയർ സെക്കണ്ടറി തലത്തിൽ രാജ്യപുരസ്കാർ സർട്ടിഫിക്കറ്റ്, നന്മമുദ്ര സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചവർക്ക് 15 മാർക്ക് ഗ്രേസ് മാർക്കായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(കൈ) നം.343/2021/ഉ.വി.വ തീയതി,തിരുവനന്തപുരം, 13/08/2021

**ഉത്തരവ്**

സംസ്ഥാനത്തെ കോളേജുകളിൽ NSS, NCC എന്നീ സംഘടനകളുടെ ഭാഗമായി പ്രവർത്തിച്ച വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് 15 മാർക്ക് ബോണസ് മാർക്കായി അനുവദിക്കുന്നുണ്ട്. എന്നാൽ സ്കൗട്ട്സ് & ഗൈഡ്സിന് നിലവിൽ ഈ ആനുകൂല്യം ലഭിക്കുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2) ഈ സാഹചര്യത്തിൽ, സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലെയും ഡിഗ്രി കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നതിന് ഇൻഡക്സ് മാർക്ക് കണക്കാക്കുമ്പോൾ സ്കൗട്ട്സ്, ഗൈഡ്സ്, റോവർ, റേഞ്ചർ എന്നിവയിൽ ഹയർ സെക്കണ്ടറി തലത്തിൽ രാജ്യപുരസ്കാർ സർട്ടിഫിക്കറ്റ്, നന്മമുദ്ര സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചവർക്ക് 15 മാർക്ക് ഗ്രേസ് മാർക്ക് കൂട്ടേണ്ടതാണെന്ന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വേണു വി ഐഎഎസ്

അഡീഷണൽ ചീഫ് സെക്രട്ടറി

രജിസ്ട്രാർ, കേരള / മഹാത്മാഗാന്ധി / കണ്ണൂർ / കാലിക്കറ്റ് / കുസാറ്റ് / നുവാൽസ് / ശ്രീ ശങ്കരാചാര്യ സംസ്കൃത / എ.പി.ജെ. അബ്ദുൾകലാം ശാസ്ത്രസാങ്കേതിക / തുഞ്ചത്തെഴുത്തച്ഛൻ മലയാളം / ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

www.highereducation.kerala.gov.in

ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം